**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വർക്കല, കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾ ക്ലാസ് -II വിനെ "2230-03-101-99-01-salaries-ITIs-(NP)" എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9491/2018/ധന.** തിരുവനന്തപുരം, തീയതി **16/11/2018**

---

പരാമർശം:-
1. 08.06.2018-ലെ സ.ഉ(കൈ) നം.34/2018/തൊഴിൽ
2. 08.06.2018-ലെ സ.ഉ(കൈ) നം.36/2018/തൊഴിൽ
3. 27.10.2018 തീയതിയിലെ സ.ഉ(സാധാ) നം.1229/18/തൊഴിൽ
4. 04.08.2018 & 25.10.2018 തീയതികളിലെ ട്രെയിനിംഗ് ഡയറക്ടറുടെ ബി2/22706/2018 നമ്പരായുള്ള കത്തുകൾ.
5. ഭരണ വകുപ്പ് ഫയൽ നം.LBRD-C1/138/2018-LBRD (Computer no.929798)

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വർക്കല, കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ എന്നിവിടങ്ങളിൽ പരാമർശം 1ഉം 2ഉം നമ്പർ ഉത്തരവുകൾ പ്രകാരം പുതുതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് ട്രഷറി ഓതറൈസേഷൻ ലഭിക്കുന്നതിനായും പരാമർശം 3 ഉത്തരവ് പ്രകാരം വർക്കല, പന്ന്യന്നൂർ ഐ.ടി.ഐ.കളിൽ അനുവദിച്ച 14 വീതം തസ്തികകളിലെ ജീവനക്കാർക്ക് "2230-03-101-99-01-salaries-ITIs-(NP)" എന്ന ശീർഷകത്തിൽ നിന്നും വേതനം നല്കുന്നതിന് അനുമതി നല്കിയിട്ടുള്ളതിനാലും ടി ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾ ക്ലാസ് -II വിനെ മേൽ ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം 4 ലെ കത്ത് പ്രകാരം അപേക്ഷിക്കുകയും കൂടാതെ വർക്കല ഐ.ടി.ഐ.ക്ക് സബ് ട്രഷറി വർക്കലയിലും , പന്ന്യന്നൂർ ഐ.ടി.ഐ.ക്ക് സബ് ട്രഷറി പാനൂരുമാണ് അനുവദിച്ച് നല്കേണ്ടതെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി, തിരുവനന്തപുരം ജില്ലയിലെ വർക്കല, കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ഐ.ടി.ഐ.കൾക്ക് ടി ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾ ക്ലാസ് -II വിനെ "2230-03-101-99-01-salaries-ITIs-(NP)" എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ട്രെയിനിംഗ് ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം.
തൊഴിൽ വകുപ്പ് (file No: LBRD-C1/138/2018-LBRD (Computer no.929798) പ്രകാരം)
ധനകാര്യ (ലേബർ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ